# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3174** — **20-06-2014 ൽ മറുപടിയ്ക്ക്**

## പൊക്കാളി നെൽകൃഷി

**ചോദ്യം**

ശ്രീ.എസ്.ശർമ്മ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | പൊക്കാളി നെൽകൃഷി യഥാസമയം നടത്തുന്നതിനും വിളവെടുക്കുന്നതിനും കർഷകർക്ക് നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | പൊക്കാളി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പൊക്കാളി കൃഷിയ്ക്ക് അനുയോജ്യമായ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതിയിലും ആർ.കെ.വി.വൈ പദ്ധതിയിലും ഉൾപ്പെടുത്തി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നൽകി വരുന്നു.<br>2013-14 ൽ പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതി പ്രകാരം 230 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 23 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി. കൂടാതെ ആർ.കെ.വി. വൈ പദ്ധതി പ്രകാരം ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 163.456 ഹെക്ടർ സ്ഥലത്ത് 16.345 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2014-15 വർഷവും പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 610 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപാ സബ്സിഡി നിരക്കിൽ 61 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | ധനസഹായം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ? | (ബി) | പൊക്കാളി നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളിലെ കർഷകർക്കാണ് ആനുകൂല്യങ്ങൾ നൽകുന്നത്. പ്രസ്തുത സ്ഥലത്തെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഉയർന്ന തോതിലുള്ള ആനുകൂല്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ